നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി.10.03.2022

സർക്കുലർ

പ്രിയപ്പെട്ട ജില്ലാ റിസോഴ്സ് പേഴ്സൺ,

വിവിധ ജില്ലകളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ റിസോഴ്സ് പേഴ്സൺമാർ നിലവിൽ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ബ്ലോക്കിൽ ഏറ്റവും കുറഞ്ഞത് മൂന്ന് റിസോഴ്സ് പേഴ്സൺമാരുടെ സേവനം (ബി.ആർ.പി/ബി.ആർ.പി. ഇൻചാർജ്ജ് ഉൾപ്പടെ) ലഭ്യമല്ലെങ്കിൽ അത്തരം ബ്ലോക്കുകളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം അസാദ്ധ്യമാണ്. ഇക്കാര്യം കണക്കിലെടുത്തുകൊണ്ട് അത്തരം ബ്ലോക്കുകളിൽ നിലവിൽ നിയമിച്ചിരിക്കുന്ന ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരെയും ബ്ലോക്ക് റിസോഴ്സ്പേഴ്സൺ (ഇൻചാർജ്ജ്) മാരെയും സമീപ ബ്ലോക്കുകളിലേക്ക് മാറ്റി നിയമിക്കുന്നതിനായുള്ള പ്രൊപ്പോസൽ രണ്ട് ദിവസങ്ങൾക്കകം രേഖാമൂലം സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് ലഭിക്കേണ്ടതാണ്. നിലവിൽ ഇത്തരത്തിൽ സേവനമനുഷ്ഠിക്കുന്ന വി.ആർ.പിമാരെ അവർക്ക് സൗകര്യമായ വിധത്തിൽ സമീപ ബ്ലോക്കുകളിലേക്ക് മാറ്റി നിയമിക്കുന്നതിനുള്ള പ്രൊപ്പോസലും ഇതോടൊപ്പം നൽകേണ്ടതാണ്. നിലവിൽ ഗ്രാമസഭാ റിപ്പോർട്ടുകളും ഗ്രാമസഭകളും പൂർത്തിയാക്കിയ പഞ്ചായത്തുകൾ ഇത്തരം ബ്ലോക്കുകളിൽ ഉണ്ടെങ്കിൽ ഇതിനകം തുടങ്ങി വച്ച സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ വി.ആർ.പിമാരെ മാറ്റി നിയമിക്കാൻ പാടുള്ളൂ.

ഏറ്റവും കുറഞ്ഞത് മൂന്ന് റിസോഴ്സ് പേഴ്സൺമാരുടെ (ബി.ആർ.പി, ബി.ആർ.പി (ഇൻചാർജ്ജ്), വി.ആർ.പി) സേവനം ലഭ്യമല്ലാത്ത ബ്ലോക്കുകളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം പുതിയ നിയമനം നടത്തുന്നതനുസരിച്ച് ഏറ്റെടുക്കാവുന്നതാണ്. ഇതു സംബന്ധിച്ച നടപടികൾ ഉടൻതന്നെ പൂർത്തിയാക്കുകയും ഇത്തരം ബി.ആർ.പി ഇൻചാർജ്ജ്മാരുടെ സേവനം വി.ആർ.പിയായി തുടർന്ന് പ്രയോജനപ്പെടുത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിനകം സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കി മുഴുവൻ പബ്ലിക്ക് ഹിയറിംഗും നടത്തിയ ബ്ലോക്കുകളിലെ ബി.ആർ.പി, ബി.ആർ.പി (ഇൻചാർജ്ജ്) വി.ആർ.പി എന്നിവരുടെ സേവനം തൊട്ടടുത്ത ബ്ലോക്കുകളിലെ സൗകര്യപ്രദമായ പഞ്ചായത്തുകളിലെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ

കോപ്പി: 1. എല്ലാ ജില്ലാ റിസോഴ്സ്പേഴ്സൺമാർക്കും
2. എല്ലാ ബ്ലോക്ക് റിസോഴ്സ്പേഴ്സൺമാർക്കും
3. എല്ലാ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും
(ബി.ആർ.പി.മാർ വഴി).